പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 4732** **26.06.2013 ൽ മറുപടിയ്ക്ക്.**

## ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ടി. ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ്. | ഡോ: എം.കെ.മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. പുതുതായി രൂപീകരിച്ച ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. |
| ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | ബി) 02.07.2009 ലെ സ.ഉ.(കൈ) നം.123/2009/തസ്വഭവ പ്രകാരമാണ് ഗ്രാമ പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചത്. പതിനൊന്നാം പദ്ധതിയുടെ മുൻഗണനാ വിഷയങ്ങളിൽ ഒന്നായിരുന്നു സദ്ഭരണവും ഉയർന്ന നിലവാരത്തിലുള്ള സേവന പ്രദാന പദ്ധതിയും. ഈ വസ്തുത കണക്കിലെടുത്ത് ഗ്രാമ പഞ്ചായത്തുകളുടെ ഭരണ നിർവ്വഹണവും ആഭ്യന്തര നിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനം യഥാസമയം ലഭ്യമാക്കുന്നതിനും ആഫീസിനുള്ളിൽ ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്നതും |

അതുമൂലം ഓഫീസ് ജോലികൾ ചെയ്യുന്നതിനുമുള്ള അസൗകര്യം ഒഴിവാക്കുന്നതിനുമായി "ആദ്യം വരുന്നവർക്ക് ആദ്യം സേവനം" എന്ന തത്വം അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനം ആരംഭിച്ചിട്ടുള്ളത്.

സി) എന്തെല്ലാം സേവനങ്ങളാണ് ആയതുവഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ;

സി) ഫ്രണ്ട് ഓഫീസ് വഴിപൊതുജനങ്ങൾക്ക് ലഭിക്കുന്ന പ്രധാനപ്പെട്ട സേവനങ്ങളിൽ ഉൾപ്പെടുന്നവയാണ് ജനന-മരണ രജിസ്ട്രേഷൻ, അവയുടെ സർട്ടിഫിക്കറ്റുകൾ, വിവാഹ രജിസ്ട്രേഷൻ അവയുടെ സർട്ടിഫിക്കറ്റ്, വിവിധതരം പെൻഷനുകൾ, തൊഴിൽ രഹിത വേതനം, കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുള്ള പെർമിറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എന്നിവ.

സേവനത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ ഇരിപ്പിടവും എഴുത്തു മേശയും, മറ്റ് അടിസ്ഥാന ഭൗതിക സൗകര്യങ്ങളും ഫ്രണ്ട് ആഫീസിൽ ലഭ്യമാണ്. എല്ലാത്തരം അപേക്ഷകളും ഫ്രണ്ട് ആഫീസിൽ സ്വീകരിക്കപ്പെടും. കൈപ്പറ്റ് രസീത്, സേവനം ലഭ്യമാകുന്ന തീയതി സംബന്ധിച്ച അറിയിപ്പ്, അന്വേഷണങ്ങൾക്കും സംശയങ്ങൾക്കുള്ള മറുപടി, ഫോറങ്ങൾ ഇവ ഫ്രണ്ട് ആഫീസിൽ നിന്ന് ലഭിക്കും. അപേക്ഷ പ്രകാരമുള്ള എല്ലാ സേവനങ്ങളും യഥാകാലം ഫ്രണ്ട് ആഫീസ് വഴിയാണ് നൽകുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡിനുള്ള അപേക്ഷ, തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷ, എല്ലാ വ്യക്തിഗതാനുകൂല്യങ്ങൾക്കും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ എന്നിവയുടെ സ്വീകരണവും, തൊഴിൽ കാർഡ് വിതരണവും ഫ്രണ്ട് ഓഫീസ്

മുഖേനയാണ്. ഗ്രാമ പഞ്ചായത്താഫീസിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ, അവയ്ക്കുള്ള നിബന്ധനകൾ, വിവിധ യോഗങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ തുടങ്ങിയവ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനുതകും വിധമുള്ള ഡിസ്പ്ലേകളും ഫ്രണ്ട് ആഫീസിൽ ലഭ്യമായിരിക്കും. എല്ലാത്തരം പണമിടപാടുകളും ഫ്രണ്ട് ആഫീസ് വഴി നടത്തുന്നതാണ്. തപാൽപ്പെട്ടി, പരാതിപ്പെട്ടി എന്നിവയും ഫ്രണ്ട് ആഫീസിൽ ലഭ്യമാണ്.

ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇവയുടെ പ്രവർത്തന സമയം ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഡി) ഉണ്ട്. 16.10.2012 ലെ സ.ഉ.(സാധാ) നം.2876/12/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പണമിടപാടുകളും അനുബന്ധ സൗകര്യങ്ങളും ഒഴിച്ചുള്ള കാര്യങ്ങളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയാക്കി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ